**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4534** **06-03-2023 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി എത്ര സഹകരണ സംഘങ്ങൾ ഉണ്ടെന്നും അവ എവിടെയൊക്കെ ആണെന്നും വ്യക്തമാക്കാമോ; | (എ) | ഇടുക്കി ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കായി രജിസ്റ്റർ ചെയ്യപ്പെട്ട 45 സഹകരണ സംഘങ്ങളാണ് നിലവിലുള്ളത്. ഇവയുടെ താലൂക്ക് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :<br><br>ഇടുക്കി – 8<br><br>തൊടുപുഴ – 11<br><br>പീരുമേട് – 7<br><br>ദേവികുളം – 15<br><br>ഉടുമ്പൻചോല - 4<br><br>മേൽ പറഞ്ഞവയിൽ 18 എണ്ണം നിലവിൽ പ്രവർത്തനക്ഷമമാണ്, ശേഷിക്കുന്നവയിൽ 21 എണ്ണം നിലവിൽ പ്രവർത്തനരഹിതവും , 6 എണ്ണം ലിക്വിഡേഷൻ നടപടികളിലുമാണ്.<br><br>സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പട്ടികജാതി – പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി താഴെപ്പറയുന്ന വാർഷിക പദ്ധതി സ്കീമുകളിലായി ഓഹരി , സബ്സിഡി ധനസഹായങ്ങൾ നല്കി വരുന്നു:<br><br>1. സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സംസ്ഥാനത്ത് നിലവിലുള്ള പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയം പര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയായ പുനർജ്ജനി പദ്ധതിയ്ക്ക് |

സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് 85% തുക (സബ്സിഡി -50%, ഓഹരി -35%) ധനസഹായമായി അനുവദിക്കുന്നതാണ്. ഈ പദ്ധതി 2022-23 സാമ്പത്തിക വർഷം നടപ്പാക്കിത്തുടങ്ങിയിട്ടുണ്ട്.

2. വിവിധ പ്രോജക്ടുകൾ നടപ്പിലാക്കി ടി സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപ (ഓഹരി -5 ലക്ഷം രൂപ + സബ്സിഡി- 15 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.
3. നൂതന പദ്ധതികൾ നടപ്പിലാക്കി സംഘത്തിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരം 40 ലക്ഷം രൂപ (ഓഹരി -10 ലക്ഷം രൂപ + സബ്സിഡി -30 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.
4. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണസംഘങ്ങളെ ശരിയായ രീതിയിൽ പ്രവർത്തിപ്പിച്ച് അവയെ ലാഭകരമാക്കി തീർക്കുകയെന്ന ലക്ഷ്യത്തോടെ, ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് പരമാവധി 50 ലക്ഷം രൂപ (ഓഹരി -20 ലക്ഷം രൂപ+ സബ്സിഡി -30 ലക്ഷം രൂപ) അനുവദിക്കുന്നു.
5. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിന് 5 ലക്ഷം രൂപ (ഓഹരി-150,000 രൂപ + സബ്സിഡി – 350,000 രൂപ) അനുവദിച്ചു വരുന്നു.
6. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ഒരു സംഘത്തിന് പ്രതിമാസം 10,000/- രൂപ നിരക്കിൽ ആദ്യത്തെ അഞ്ചു വർഷവും ടി അഞ്ചു വർഷക്കാലയളവിനുള്ളിൽ സംഘം ലാഭകരമാകുന്ന പക്ഷം അത്തരം സംഘങ്ങൾക്ക് പ്രതിമാസം 15,000/- രൂപ നിരക്കിൽ തുടർന്നുള്ള മൂന്ന് വർഷവും മാനേജീരിയൽ സബ്സിഡി അനുവദിച്ചുവരുന്നു.
7. റിവോൾവിംഗ് ഫണ്ട് : പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ ചെറുകിട

| | | | |
|---|---|---|---|
| | | | വനവിഭവങ്ങൾ ശേഖരിക്കുന്നതിന് ഉണകരമായ 'റിവോൾവിംഗ് ഫണ്ട് പദ്ധതി' നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം വനവിഭവങ്ങൾ ശേഖരിക്കുന്നതിന് അഡ്വാൻസായി തുക നൽകുന്നതിന് സംഘങ്ങൾക്ക് കഴിയുന്നതാണ്. |
| (ബി) | പ്രസ്തുത സംഘങ്ങളിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണെന്നും ഇവയുടെ പുനരുജ്ജീവനത്തിനായി പ്രത്യേക പദ്ധതികൾ നിലവിലുണ്ടോയെന്നും വിശദമാക്കാമോ? | (ബി) | ഇടുക്കി ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കായി രജിസ്റ്റർ ചെയ്യപ്പെട്ട 45 സഹകരണ സംഘങ്ങളാണ് നിലവിലുള്ളത്. ഇവയുടെ താലൂക്ക് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :<br><br>ഇടുക്കി – 8<br><br>തൊടുപുഴ – 11<br><br>പീരുമേട് – 7<br><br>ദേവികുളം – 15<br><br>ഉടുമ്പൻചോല - 4<br><br>മേൽ പറഞ്ഞവയിൽ 18 എണ്ണം നിലവിൽ പ്രവർത്തനക്ഷമമാണ്, ശേഷിക്കുന്നവയിൽ 21 എണ്ണം നിലവിൽ പ്രവർത്തനരഹിതവും , 6 എണ്ണം ലിക്വിഡേഷൻ നടപടികളിലുമാണ്.<br><br>സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പട്ടികജാതി – പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി താഴെപ്പറയുന്ന വാർഷിക പദ്ധതി സ്കീമുകളിലായി ഓഹരി , സബ്സിഡി ധനസഹായങ്ങൾ നല്കി വരുന്നു:<br><br>1. സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സംസ്ഥാനത്ത് നിലവിലുള്ള പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയം പര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയായ പുനർജ്ജനി പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് 85% തുക (സബ്സിഡി -50%, ഓഹരി -35%) ധനസഹായമായി അനുവദിക്കുന്നതാണ്. ഈ പദ്ധതി 2022-23 |

സാമ്പത്തിക വർഷം നടപ്പാക്കിത്തുടങ്ങിയിട്ടുണ്ട്.

2. വിവിധ പ്രോജക്ടുകൾ നടപ്പിലാക്കി ടി സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപ (ഓഹരി -5 ലക്ഷം രൂപ + സബ്സിഡി- 15 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.
3. നൂതന പദ്ധതികൾ നടപ്പിലാക്കി സംഘത്തിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരം 40 ലക്ഷം രൂപ (ഓഹരി -10 ലക്ഷം രൂപ + സബ്സിഡി -30 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.
4. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണസംഘങ്ങളെ ശരിയായ രീതിയിൽ പ്രവർത്തിപ്പിച്ച് അവയെ ലാഭകരമാക്കി തീർക്കുകയെന്ന ലക്ഷ്യത്തോടെ, ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് പരമാവധി 50 ലക്ഷം രൂപ (ഓഹരി -20 ലക്ഷം രൂപ+ സബ്സിഡി -30 ലക്ഷം രൂപ) അനുവദിക്കുന്നു.
5. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിന് 5 ലക്ഷം രൂപ (ഓഹരി-150,000 രൂപ + സബ്സിഡി – 350,000 രൂപ) അനുവദിച്ചു വരുന്നു.
6. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ഒരു സംഘത്തിന് പ്രതിമാസം 10,000/- രൂപ നിരക്കിൽ ആദ്യത്തെ അഞ്ചു വർഷവും ടി അഞ്ചു വർഷക്കാലയളവിനുള്ളിൽ സംഘം ലാഭകരമാകുന്ന പക്ഷം അത്തരം സംഘങ്ങൾക്ക് പ്രതിമാസം 15,000/- രൂപ നിരക്കിൽ തുടർന്നുള്ള മൂന്ന് വർഷവും മാനേജീരിയൽ സബ്സിഡി അനുവദിച്ചുവരുന്നു.
7. റിവോൾവിംഗ് ഫണ്ട് : പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതിന് ഗുണകരമായ 'റിവോൾവിംഗ് ഫണ്ട് പദ്ധതി' നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം വനവിഭവങ്ങൾ ശേഖരിക്കുന്നതിന് അഡ്വാൻസായി തുക

| | | | |
|---|---|---|---|
| | | | നൽകുന്നതിന് സംഘങ്ങൾക്ക് കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ